21-01-2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–21/01/2023.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി 2023 ജനുവരി 24 മുതൽ 28 വരെ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിലെ കല്ലിംഗൽ ജംഗ്ഷന് സമീപം വച്ച് നടക്കുന്നു. കേരളകാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ, മണ്ണ്പരിശോധകർ, കൃഷി ഉദ്യോഗസ്ഥർ, കാർഷികമേഖലയിലെ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവ നെടുമങ്ങാട് ഒത്തുചേരുന്നു. പ്രസ്തുതപരിപാടിയിൽ കാർഷിക പ്രദർശനം, കാർഷിക അദാലത്ത്, കൃഷിയിട സന്ദർശനം, കൃഷിക്കൂട്ട സംഗമം, കാർഷിക സെമിനാറുകൾ, കാർഷികവിജ്ഞാന വ്യാപനം എന്നിവ സംഘടിപ്പിച്ചിരിക്കുകയാണ്. കൃഷി ദർശന്റെ ഉദ്ഘാടനം ജനുവരി 24 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നെടുമങ്ങാട് നഗരസഭ ചെയർപേഴ്സൺ സി.എസ്. ശ്രീജയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ അനിൽ നിർവ്വഹിക്കുകയാണ്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിന് ധനസഹായം നൽകി വരുന്നു.

സംരംഭക പ്രേരിതമായ ഈ പ്രോജക്കുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യ നിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ (25 അംഗങ്ങളുള്ള) തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുള്ളതായിരിക്കും. സമതല പ്രദേശങ്ങളിലെ ധന സഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോര പ്രദേശങ്ങൾക്ക് 15% അധിക ധന സഹായവും അനുവദിക്കുന്നതാണ്.

പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് (9 മീറ്റർ x 6 മീറ്റർ) 2 ലക്ഷം രൂപയും, കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടുകൂടിയ സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് (9 മീറ്റർ x 18 മീറ്റർ) സമതല പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 25 ലക്ഷം രൂപയും, പ്രീ-കൂളിംഗ് യൂണിറ്റുകൾക്ക് (6 മെട്രിക് ടൺ) സമതല പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും, ശീതീകരണ മുറികൾക്ക് (30 മെട്രിക് ടൺ) യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും, പരമാവധി 5000 മെട്രിക് എന്ന പരിധിയ്ക്ക് വിധേയമായി കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 1) സമതല പ്രദേശങ്ങളിൽ 2800 രൂപ/മെട്രിക് ടണും, മലയോര പ്രദേശങ്ങളിൽ 4000 രൂപ/മെട്രിക് ടണും, കോൾഡ് സ്റ്റോറേജുകൾ (ടൈപ്പ് 2) സമതല പ്രദേശങ്ങളിൽ 3500 രൂപ/മെട്രിക് ടണും, മലയോര പ്രദേശങ്ങളിൽ 5000 രൂപ/മെട്രിക് ടണും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ 9383471782 എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

3. പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലെ നെടുമ്പ്രം പഞ്ചായത്ത് രണ്ടാം വാർഡിൽ പക്ഷിപ്പനി രോഗ ലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് കോഴികൾ ചത്തൊടുങ്ങുകയും തുടർന്നുള്ള പരിശോധനയിൽ പക്ഷിപ്പനി $H_5 N_1$ സ്ഥിരീകരിക്കുകയും ചെയ്തു. തുടർന്ന് മൂന്ന് ദ്രുത കർമ്മ സേനയെ രൂപീകരിച്ചുകൊണ്ട് 20/01/2023 തീയതിയിൽ രോഗബാധിത പ്രദേശത്ത് ഉള്ള എല്ലാ പക്ഷികളെയും ദയാവധം നടത്തുവാനും തുടർന്ന് 21/01/2023 അണു നശീകരണം ചെയ്യുവാനും തീരുമാനിച്ചു. കൂടാതെ നിരീക്ഷണ പ്രദേശത്ത് 10 കിലോമീറ്റർ ചുറ്റളവിൽ കോഴി മാംസം, മുട്ട, കാഷ്ഠം / വളം എന്നിവയുടെ വില്പന കടത്തൽ എന്നിവ നിരോധിച്ചു കൊണ്ട് ജില്ലാ കളക്ടർ ഉത്തരവിറക്കി. രോഗം ഇപ്പോൾ നിയന്ത്രണവിധേയമാണ്.

4. സംസ്ഥാന ക്ഷീരകർഷക സംഗമം 2023 നോട് അനുബന്ധിച്ച് ക്ഷീരകർഷകർ, ക്ഷീരസഹകരണ സംഘങ്ങൾ, മിൽമ, മൃഗസംരക്ഷണ വകുപ്പ് KDFWF, KLDB മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരാതികൾ തീർപ്പാക്കുന്നതിന് വേണ്ടി ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നു ക്ഷീര വികസന/ മൃഗസംരക്ഷണ വകുപ്പ്, മിൽമ, ഷീരസ്വാന്തനം ഇൻഷുറൻസ്, കേരള ക്ഷീര കർഷക ക്ഷേമനിധി എന്നിവയുമായി ബന്ധപ്പെട്ട പരാതികളും ക്ഷീരസഹകരണ സംഘങ്ങളുടെ ആഡിറ്റ്, ആഡിറ്റ് ന്യൂനത വസ്തു/ കെട്ടിടത്തിനുള്ള അംഗീകാരം,ം ക്ഷീര സംഘം ജീവനക്കാരുടെ സേവന -വേതന വ്യവസ്ഥകൾ, മിൽമ, സംഘങ്ങൾ/വിതരണക്കാർ ഉപഭോക്താക്കൾ എന്നിവ സംബന്ധിച്ച പരാതികൾ അദാലത്തിൽ സമർപ്പിക്കാവുന്നതാണ്. പരാതികൾ **സംസ്ഥാന ക്ഷീരസംഗമം ഫയൽ അദാലത്ത് എന്ന തലക്കെട്ടിൽ** ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, പട്ടം, പി ഒ, 695004 എന്ന വിലാസത്തിൽ ജനുവരി 25 നു മുൻപായി ലഭിക്കണം. പരാതികൾ dairyddtvm@gmail.com എന്ന വിലാസത്തിലും അയക്കാവുന്നതാണ്

5. ക്ഷീരവികസന വകുപ്പ് സംസ്ഥാന ക്ഷീര സംഗമം പടവ് PADAVU 2023, – Practical Agro Dairy Activities through Value addition and cooperative Unification 2022-23 ഫെബ്രുവരി 9 -ാം തീയതി മുതൽ 15 -ാം തീയതി വരെ തൃശ്ശൂർ വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ വച്ച് നടക്കുന്നു. സംസ്ഥാന ക്ഷീര സംഗമത്തിനു അനുയോജ്യമായ ലോഗോ ക്ഷണിക്കുന്നു. ലോഗോ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ PADAVU – Practical Agro Dairy Activities through Value addition and cooperative Unification എന്ന വാക്ക് ഉൾക്കൊള്ളിക്കണം. ക്ഷീരമേഖല, മൂല്യ വർദ്ധനവ്, സഹകരണ തത്വങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ തരത്തിലായിരിക്കണം ലോഗോ തയ്യാറാക്കേണ്ടത്. മുൻപ് പ്രസിദ്ധീകരിച്ചവയോ മത്സരത്തിന് അയച്ചവയോ ആയിരിക്കരുത് . ഒരാൾക്ക് ഒരു എൻട്രി മാത്രം. ലോഗോ **21/01/2023 ന് വൈകുന്നേരം 5 മണിക്ക് മുൻപായി** logo4sks@gmail.com എന്ന ഈമെയിൽ വിലാസത്തിൽ ലഭിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ലോഗോ എഡിറ്റ് ചെയ്യുവാൻ കഴിയുന്ന ഫോർമാറ്റിൽ നൽകേണ്ടതാണ്. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. തിരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ക്ഷീര സംഗമത്തിന്റെ ഉദ്ഘാടന ചടങ്ങിൽ വച്ച് പുരസ്കാരം നൽകുന്നതാണ്.

## പരിശീലന പരിപാടികൾ

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **'ആന്റിബയോട്ടിക് ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ'** എന്ന വിഷയത്തെ ആസ്പദമാക്കി 2023 ജനവരി 24 ചൊവ്വാഴ്ച രാവിലെ 10 മുതൽ താനൂർ നഗരസഭ ഹാളിൽ വെച്ച് കർഷക സെമിനാറും ബോധവൽകരണ ക്ലാസും സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പ്പര്യമുള്ള കർഷകർ **0494 2962296** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

7. കേരള കാർഷിക സർവകലാശാല, വിജ്ഞാപനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഫാം ബിസിനസ്സ് സ്കൂളിന്റെ അഞ്ചാമത്തെ ബാച്ച് ഫെബ്രുവരി 2 മുതൽ ആരംഭിക്കുന്നു. വിദ്യാഭ്യാസ യോഗ്യത ഹയർസെക്കൻഡറി. അപേക്ഷഫീസ് 5000 രൂപയാണ്. ഈ മാസം 27 (ജനുവരി 27) ആണ് അപേക്ഷ നൽകേണ്ട അവസാന തീയതി. കൂടുതൽ വിവരങ്ങൾക്ക് **0487 2371104** എന്ന ഫോൺ നമ്പരിലോ, cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2023 ജനുവരി 24, 25 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം